Manorama 02.11.17

# കൃഷിവകുപ്പിന്റെ പരിപാടികളുടെ ഉദ്ഘാടനം ഇനി വൃക്ഷത്തൈ നട്ട്

തിരുവനന്തപുരം● കൃഷിവകുപ്പിന്റെ എല്ലാ ഔദ്യോഗിക ചടങ്ങുകളുടെയും ഉദ്ഘാടനം ഇനി വൃക്ഷത്തൈകൾ നട്ടുകൊണ്ട് ആയിരിക്കുമെന്നു മന്ത്രി വി.എസ്.സുനിൽകുമാർ. കർഷകരുടെ ആവശ്യങ്ങളും പ്രതികരണങ്ങളും നേരിട്ടു മനസ്സിലാക്കുന്നതിനു തുടങ്ങിയ 'കൃഷിമന്ത്രി വിളിപ്പുറത്ത്' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കൃഷി വകുപ്പ് സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആനയറയിലെ ഫാമിൽ തെങ്ങിൻതൈ നട്ടായിരുന്നു ഉദ്ഘാടനം.

കാർഷിക സർവകലാശാല, കൃഷി അനുബന്ധ വകുപ്പുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചതായി മന്ത്രി പറഞ്ഞു. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനാണു കൃഷിവകുപ്പിന്റെ തീരുമാനമെന്നും മന്ത്രി അറിയിച്ചു.